**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5409** **05-07-2024 - ൽ മറുപടിയ്ക്ക്**

**ഓർഫനേജ് ഗ്രാന്റ് ഇൻ എയ്ഡ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ആന്റണി ജോൺ | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | കോതമംഗലം മണ്ഡലത്തിൽ പ്രവർത്തിക്കുന്ന ധർമ്മഗിരി വികാസ് സൊസൈറ്റി ചൈൽഡ് കെയർ ഇൻസ്റ്റിറ്റ്യൂഷന് 2023-24 വർഷത്തെ ഓർഫനേജ് ഗ്രാന്റ്- ഇൻ-എയ്ഡ് ആയി അനുവദിച്ച 3,64,471 രൂപ ഇതുവരെ നൽകാത്തതിന്റെ കാരണം വ്യക്തമാക്കാമോ; | (എ) | എറണാകുളം ജില്ലയിലെ ധർമ്മഗിരി വികാസ് സൊസൈറ്റി ചൈൽഡ് കെയർ ഇൻസ്റ്റിറ്റ്യൂഷൻ എന്ന സ്ഥാപനത്തിന് ഒ.സി.ബി ഗ്രാന്റ് ഇനത്തിൽ അനുവദിക്കേണ്ട തുക വനിത ശിശു വികസന വകുപ്പ് ഡയറക്ടറേറ്റിൽ നിന്നും എറണാകുളം ജില്ലാ വനിതാ ശിശു വികസന ഓഫീസർക്ക് കൈമാറിയിരുന്നു. പ്രസ്തുത തുക സ്ഥാപനത്തിന് അനുവദിക്കുന്നതിനായി 19/03/2024-ന് കോതമംഗലം നഗരസഭയ്ക്ക് എറണാകുളം ജില്ലാ വനിതാ ശിശു വികസന ഓഫീസർ കൈമാറിയിരുന്നുവെങ്കിലും, ട്രഷറി നിയന്ത്രണം കാരണം തുക അനുവദിക്കുവാൻ സാധിച്ചിരുന്നില്ല. |
| (ബി) | പ്രസ്തുത ഗ്രാന്റ്- ഇൻ-എയ്ഡ് അടിയന്തരമായി നൽകുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ? | (ബി) | സ്ഥാപനത്തിന് ഗ്രാന്റ് ഇനത്തിൽ അനുവദനീയമായ 3,64,471 (മൂന്നു ലക്ഷത്തി അറുപത്തി നാലായിരത്തി നാനൂറ്റി എഴുപത്തി ഒന്ന്) രൂപ കുടിശ്ശിക ഇനത്തിൽ നടപ്പ് വർഷത്തെ ഫണ്ടിൽ നിന്നും അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട് . |

സെക്ഷൻ ഓഫീസർ